8. ഇൻകം സപ്പോർട്ട് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നു.

9. കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

10. കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

11. കയർ പൊതുമേഖലാ സ്ഥാപനങ്ങളേയും കയർഫെഡിനേയും കയർ മേഖലയിലെ സഹകരണ സംഘങ്ങളേയും അടിസ്ഥാന സൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു.

സപ്ലൈകോയിലെ ഒഴിവുകളും നിയമനവും

211(3134) ശ്രീ. മോൻസ് ജോസഫ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ ഡയറക്ട് സ്റ്റാഫിനു അനുവദിച്ചിട്ടുള്ള ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ വീതമുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ;

(ബി) സപ്ലൈകോയിൽ പ്രൊമോഷൻ സംബന്ധിച്ച് ജി.ഒ. നമ്പർ 30/10 നടപ്പാക്കുന്നതിന് നിലവിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ;

(സി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) സപ്ലൈകോയിൽ സ്റ്റാഫ് സ്ട്രെങ്തിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രോഡക്ടിവിറ്റി കൗൺസിൽ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) 2014 ആഗസ്റ്റ് മാസത്തിൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്പോൾ നിലവിലുള്ള അന്യത്ര സേവന സമ്പ്രദായം നിർത്തലാക്കി പി.എസ്.സി.യിൽനിന്ന് നേരിട്ട് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ജി) സപ്ലൈകോയിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; സപ്ലൈകോയിലേക്ക് പുതുതായി 96 ജൂനിയർ അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുന്നതിന് സാമ്പത്തിക ബാധ്യതയില്ലെന്ന് ധനകാര്യവകുപ്പ് അംഗീകാരം നൽകിയ ഫയലിന്റെ തുടർ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ്-II എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല.

(ബി) 4-9-10-ലെ ജി.ഒ.(എംഎസ്.) നമ്പർ30/10/ഭ.സി.സ.വ. നമ്പർ റിക്രൂട്ട്മെന്റ് പ്രൊമോഷൻ റൂൾസിന് ധനവകുപ്പ് അംഗീകാരം നൽകാത്തതിനാൽ 6-7-2011-ലെ സ.ഉ (എംഎസ്.) നമ്പർ 27/11/ഭ.സി.സ.വ. പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്.

(സി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ചട്ടം തയ്യാറാക്കി സമർപ്പിക്കുന്നതിന് റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്. വിജയകുമാറിനെ കൺസൽട്ടന്റായി നിയമിക്കുകയും ടിയാൻ കരട് ചട്ടം തയ്യാറാക്കി സർവ്വീസ് സംഘടനാ/ട്രേഡ് യൂണിയനുകളുടെ അഭിപ്രായത്തിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ നടപ്പാക്കേണ്ട മാറ്റങ്ങളും ഭേദഗതികളും സംബന്ധിച്ച് ആദ്യഘട്ട ചർച്ച നടത്തി- അവർ ഉന്നയിച്ച ഭേദഗതികൾ ഉൾപ്പെടുത്തി കരട് ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

(ഡി) അന്തിമ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഇ) സപ്ലൈകോയിൽ നേരിട്ട് നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് സെയിൽസ് മാൻമാരിൽനിന്നും ജൂനിയർ അസിസ്റ്റന്റുമാരുടെ 14 ഒഴിവുകളിലേയ്ക്കും 23-10-2014-ലെ സ.ഉ.(എംഎസ്.) നമ്പർ44/14/ഭ.സി.സ.വ ഉത്തരവു പ്രകാരം താത്കാലികമായി അനുവദിക്കപ്പെട്ടിട്ടുള്ള 36 ഒഴിവുകളിലേയ്ക്കും നിശ്ചിത യോഗ്യതയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ജി) സപ്ലൈകോ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ സപ്ലൈകോയിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കണമെന്ന് അറിയിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ സപ്ലൈകോ മാനേജിംഗ് ഡയക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. സപ്ലൈകോയിൽ സ.ഉ.(എംഎസ്.)43/09/ഭ.സി.സ.വ തീയതി 31-12-2009 പ്രകാരം 100 ജീനിയർ അസിസ്റ്റന്റ് തസ്തിക താത്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സപ്ലൈകോയുടെ തസ്തികകളെ സംബന്ധിച്ച പഠനത്തിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ഇക്കാര്യത്തിൽ തുടർ നടപടിക്കായി ലഭിക്കേണ്ടതുണ്ട്.

തലശ്ശേരി മണ്ഡലത്തിൽ ചോക്ലിയിൽ സപ്ലൈകോ-യുടെ വിപണന കേന്ദ്രം

212(3135) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മണ്ഡലത്തിൽ ചൊക്ലിയിൽ സപ്ലൈകോയുടെ വിപണനകേന്ദ്രം ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) വിപണനകേന്ദ്രം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ വിഷയത്തിൽ സാധ്യതാ പഠന റിപ്പോർട്ടിനായി കോഴിക്കോട് റീജിയണൽ മാനേജർക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, മാവേലി സ്റ്റോർ ആരംഭിയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ കെട്ടിടത്തിന് ആകെ 288 ച.അടി വിസ്തീർണ്ണം മാത്രമാണ് ഉള്ളത്. സപ്ലൈകോയുടെ മാനദണ്ഡപ്രകാരം മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് 500 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം അനിവാര്യമാണ്. 500 ച.അടിയുള്ള കെട്ടിടം കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിന് തലശ്ശേരി ഡിപ്പോ മാനേജർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly